പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1621

06.03.2017-ൽ മറുപടിക്ക്

## ബബിതയ്ക്ക് വീട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ. ശശി | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ദേശീയ-അന്തർദേശീയ തലത്തിൽ മികവുറ്റ പ്രവർത്തനം കാഴ്ചവെച്ചും പുരസ്കാരങ്ങൾ നേടുകയും ചെയ്ത കുമാരി. ബബിതയ്ക്കും കുടുംബത്തിനും സ്വന്തമായി വീട് ഇല്ലാത്തതിനാൽ വീടുനിർമ്മിച്ചു നല്കുവാൻ 2014-15 സാമ്പത്തികവർഷ പദ്ധതിയിലൂടെ സമർപ്പിച്ച അപേക്ഷയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പും വാണിയംകുളം ഗ്രാമപഞ്ചായത്തും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ; | എ), ബി) & സി) 18.04.2017 ലെ സ.ഉ.(സാധാ) നം. 1205/2017/തസ്വഭവ പ്രകാരം അന്തർ ദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള കുമാരി ബബിതയ്ക്ക് വീട് നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് പതിനഞ്ച് ലക്ഷം രൂപ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച 903/ഡി.ബി-1/14/തസ്വഭവ ആയുള്ള സെക്രട്ടേറിയറ്റ് ഡി.ബി. വകുപ്പിന്റെ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, നടപടികളിൽ കാലതാമസം വന്നതു ഏതു ഘട്ടത്തിലെന്നും ഏതു ഉദ്യോഗസ്ഥരിൽ നിന്നുമാണെന്നുമുള്ള വിവരം വ്യക്തമാക്കുമോ; | |
| സി) വാണിയംകുളം പഞ്ചായത്തിന്റെ 29.07.2015 ലെ 9(8)-ാം നമ്പർ തീരുമാനപ്രകാരം ദേശീയ-അന്തർദേശീയ കായികമത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയ കുമാരി. ബബിതയ്ക്ക് വീടുവച്ചു നൽകുവാനുള്ള അനുമതി തദ്ദേശഭരണവകുപ്പ് എപ്പോൾ നല്കുമെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ